# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1389 13/06/2014-ൽ മറുപടിക്ക്

**കൊല്ലം ജില്ലയിലെ പുരാവസ്തു സംരക്ഷണം**

ചോദ്യം

ശ്രീ. പി.കെ.ഗുരുദാസൻ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്

(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം തങ്കശ്ശേരി വാണിജ്യ തുറമുഖത്തിൽ നടന്ന ഡ്രഡ്ജിങ്ങിനിടെ കടലിൽ നിന്നും ലഭിച്ച പുരാതന വസ്തുവിന്റെ സംരക്ഷണം സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ; | (എ) | കൊല്ലം തങ്കശ്ശേരി വാണിജ്യ തുറമുഖത്തിൽ നടന്ന ഡ്രഡ്ജിങ്ങിനിടെ ലഭിച്ച നാണയങ്ങളടക്കമുള്ള പുരാവസ്തുക്കൾ പുരാവസ്തുവകുപ്പ് ഏറ്റെടുക്കുകയും ആയത് വകുപ്പിലെ രാസ സംരക്ഷണ വിഭാഗത്തിന്റെ ചുമതലയിൽ രാസ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി കൊണ്ടിരിക്കുകയുമാണ്. |
| (ബി) | പുരാതന വസ്തുക്കൾ കൊല്ലത്ത് തന്നെ സൂക്ഷിക്കുന്നതിനും പൊതുജനങ്ങൾക്ക് കാണാനും പഠിക്കുന്നതിനും അവസരം ഒരുക്കുന്നതിന് ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) | കൊല്ലത്ത് തന്നെ പ്രസ്തുത പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും മ്യൂസിയം സ്ഥാപിക്കുന്നതിനും അനുയോജ്യമായതും സുരക്ഷാ സൗകര്യങ്ങൾ ഉള്ളതുമായ സ്ഥലവും കെട്ടിടവും ലഭിക്കുന്ന പക്ഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | കൊല്ലത്ത് ലഭിച്ച പുരാതനവസ്തുക്കളുടെ അടിസ്ഥാനത്തിൽ തുടർപരിശോധനകളും പഠനവും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ ; | (സി) | കൊല്ലത്ത് ലഭിച്ച പുരാവസ്തുക്കൾ തുടർ പഠനത്തിനും പരിശോധനകൾക്കും പുരാവസ്തുവകുപ്പിൽ ലഭ്യമായ സംവിധാനങ്ങൾ ഉപയോഗിച്ച് നടപടികൾ കൈക്കൊണ്ടുവരുന്നു. രാസ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തിയായാൽ ക്ലാസിഫിക്കേഷൻ, രജിസ്ട്രേഷൻ, ഡോക്യുമെന്റേഷൻ എന്നീ കാര്യങ്ങൾ പൂർത്തിയാവുന്ന മുറയ്ക്ക് ചൈനീസ് ഭാഷാ വിദഗ്ധരുടെയും മറ്റു പുരാവസ്തു വിദഗ്ധരുടെയും സഹായത്തോടെ ഗവേഷണ പഠനങ്ങൾ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | കൊല്ലം പ്രസ്സ് ക്ലബിന് സമീപം റെയിൽവേയുടെ കൈവശമുള്ള ചീനകൊട്ടാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് അവിടെ പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ഗവേഷണത്തിനും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഒരു മ്യൂസിയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | പ്രസ്തുത ചീനക്കൊട്ടാരം ഇപ്പോൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ല. വകുപ്പിന്റെ ഉടസ്ഥതയിൽ അല്ലാത്ത ഈ കെട്ടിടം വകുപ്പിനു വിട്ടുകിട്ടുന്ന മുറയ്ക്കു മാത്രമേ പ്രസ്തുത കെട്ടിടത്തിൽ പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ. |

Saradadevi

സെക്ഷൻ ഓഫീസർ.